(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുന്നത്; വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ആരെല്ലാമാണ്;

(ഡി) പ്രസ്തുത പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. എന്നാൽ എല്ലാത്തരം വാഹനങ്ങളുടേയും നികുതി ഓൺലൈൻ ആയി അടയ്ക്കുന്നതിനുള്ള സംവിധാനം ആയിട്ടില്ല.

(ബി) ജനങ്ങൾക്ക് സൗകര്യപ്രദമായി വീട്ടിൽ ഇരുന്നുപോലും നികുതി അടയ്ക്കുന്നതിന് സംവിധാനം ഉണ്ടാക്കുക, ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് അഴിമതി തടയുക എന്നിവയാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ. എല്ലാവർക്കും വേണ്ട നിർദ്ദേശങ്ങളും സൗകര്യങ്ങളും മോട്ടോർ വാഹന വകുപ്പിന്റെ വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്.

(സി) എസ്.ബി.ടി., എസ്.ബി.ഐ. എന്നീ ബാങ്കുകളും, സോഫ്റ്റ്വെയർ ഡെവലപ്പർ ആയ എൻ.ഐ.സി.-യുമാണ് പദ്ധതിയുമായി സഹകരിക്കുന്നത്.

(ഡി) മോട്ടോർ വാഹന നികുതി നിയമം, മോട്ടോർ വാഹന നികുതി ചട്ടം എന്നിവ പരിഷ്കരിക്കുവാനുള്ള നടപടികൾ നടന്നുവരുന്നു.

മാവേലിക്കര മണ്ഡലത്തിൽ ഗതാഗത വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

357 (2232) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ ഗതാഗതവകുപ്പ് മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) സംസ്ഥാനത്തെ ആർ.ടി. ഓഫീസുകളിൽ അത്യാവശ്യ സേവനങ്ങൾ ബുധനാഴ്ചകളിലും ചെയ്തു കൊടുക്കണമെന്ന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ; പ്രസ്തുത ഉത്തരവ് ആർ.ടി. ഓഫീസുകൾ നടപ്പിലാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ; ഈ ഉത്തരവ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; ഉത്തരവ് നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര ഡിപ്പോയിൽ നിന്നും വരേണിക്കൽവഴി ചാരുമൂടിന് ഒരു ഓർഡിനറി സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. മാവേലിക്കര റീജിയണൽ വർക്ക്ഷോപ്പിൽ പുതിയ ബസ്സുകളുടെ ബോഡി നിർമ്മാണം പുനഃരാരംഭിക്കുന്നതിനായി പുതിയ Phosphating tank-ന്റെയും Paint booth-ന്റെയും പണികൾ നടന്നുവരുന്നു. വർക് ഷോപ്പിലെ യാർഡ് മെറ്റലിംഗ്, ടാറിംഗ് നടത്തിയിട്ടുണ്ട്. കൂടാതെ ഓഫീസ് കെട്ടിടം നവീകരിച്ചിട്ടുള്ളതും ചോർച്ച തടയുന്നതിനുവേണ്ടി പുതിയതായി മേൽക്കൂര പണിതിട്ടുള്ളതുമാണ്. വർക്ഷോപ്പിലെ കെട്ടിടത്തിനുള്ളിലെ താപനില കുറയ്ക്കുന്നതിന് Turbo ventilators സ്ഥാപിച്ചു.

(ബി) നികുതി പിരിവിൽ വീഴ്ച വരാത്ത രീതിയിൽ ബുധനാഴ്ചകളിൽ നികുതി പിരിവിനൊപ്പം മറ്റു സേവനങ്ങൾ കൂടി മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകളിൽ നിന്നും ലഭ്യമാക്കേണ്ടതാണെന്ന് 2-2-2012-ലെ 13418/സി1/2011/ഗതാഗതം, 18-6-2012-ലെ 4704/സി1/2012/ഗതാഗതം എന്നീ കത്തുകൾ (പകർപ്പ് അനുബന്ധം I, II-ആയി വച്ചിരിക്കുന്നു) മുഖേന ഗതാഗത കമ്മീഷണർക്ക് നിർദ്ദേശം നൽകിയിരുന്നതിനെ തുടർന്ന് ഗതാഗത കമ്മീഷണർ 27-6-2012-ന് പുറപ്പെടുവിച്ച 06/2012 സർക്കുലറിൽ (പകർപ്പ് അനുബന്ധം III-ആയി വച്ചിരിക്കുന്നു)* വ്യക്തമായ നിർദ്ദേശം ബന്ധപ്പെട്ട എല്ലാ ആഫീസർമാർക്കും നൽകിയിട്ടുണ്ട്. ഉത്തരവ് നടപ്പാക്കുന്നതിൽ വീഴ്ചകളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കെ.എസ്.ആർ.ടി.സി.-യിൽ പാഴ്സൽ കൊറിയർ സർവ്വീസുകൾ

358 (2233) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. പാഴ്സൽ കൊറിയർ സർവ്വീസുകൾ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly